## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4319**      **12/11/2019-ൽ മറുപടിയ്ക്ക്**

## പ്രഥമ അന്തർദേശീയ സഹകരണ വ്യാപാരമേള

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**പ്രൊഫ. കെ.യു. അരുണൻ** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ന്യൂഡൽഹിയിൽ വച്ച് നടന്ന പ്രഥമ അന്തർദ്ദേശീയ സഹകരണ വ്യാപാരമേള ഏതൊക്കെ തരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് പ്രയോജനപ്രദമായെന്ന് അറിയിക്കാമോ; സംസ്ഥാനത്തെ സംഘങ്ങൾക്ക് അവാർഡ് ലഭിച്ചിരുന്നോ; | (എ) | സഹകരണ മേഖലയിലെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും ദേശീയ, അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിലേയ്ക്കായി NCDC യുടെ ആഭിമുഖ്യത്തിൽ ഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ചാണ് പ്രഥമ അന്തർദേശീയ സഹകരണ വ്യാപാരമേള (IICTF-2019) നടന്നത്. ടി ഫെയറിൽ കേരളത്തിൽ നിന്നും അന്തർദേശീയ തലത്തിൽ അംഗീകാരമുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം, മാർക്കറ്റ്ഫെഡ്, മത്സ്യഫെഡ്, കൺസ്യൂമർ ഫെഡ്, ഹോസ്പിറ്റൽ ഫെഡറേഷൻ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, സംസ്ഥാന സഹകരണ ബാങ്ക്, ആശുപത്രി സഹകരണ സംഘങ്ങളായ പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രി, കൊല്ലം എൻ. എസ്. സ്മാരക സഹകരണ ആശുപത്രി (ഫെഡറേഷന് കീഴിൽ), ഫെഡറൽ സംഘങ്ങളായ റെയ്ഡ്കോ, റബ്കോ, കൂടാതെ 16 പ്രാഥമിക സംഘങ്ങൾ ഉൾപ്പെടെ 27 സംഘങ്ങൾ പങ്കെടുത്തിരുന്നു. വിവിധ ബ്രാന്റുകളിലായി 170 ഉല്പന്നങ്ങളാണ് പ്രദർശനത്തിന് എത്തിച്ചത്. ഇതിൽ "ഭൗമസൂചികാ പദവി" ലഭിച്ച കേരളത്തിന്റെ ഉല്പന്നങ്ങളായ പൊക്കാളി അരി, മറയൂർ ശർക്കര, പാലക്കാടൻ മട്ട, നവര അരി, |

| | | | |
|---|---|---|---|
| | | | രക്തശാലി അരി, കാസർഗോഡ് സാരി, ചേന്ദമംഗലം, ബാലരാമപുരം കൈത്തറി എന്നിവ ഉൾപ്പെടുന്നു. ഇതിനുപുറമേ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം നാളികേര ഉല്പന്നങ്ങൾ, എസ്.സി/എസ്.റ്റി ഫെഡറേഷന്റെ ആയുർവേദ ഔഷധങ്ങൾ, കേരളത്തിന്റെ സുഗന്ധദ്രവ്യ ഉല്പന്നങ്ങൾ, ജൈവ അരി ഉല്പന്നങ്ങൾ, ഭക്ഷ്യവസ്തുക്കൾ, ഫർണിച്ചറുകൾ, ഹെർബൽ എണ്ണ, ചക്ക ഉല്പന്നങ്ങൾ എന്നിവയും ഉൾപ്പെടുന്നു. സംസ്ഥാന സഹകരണ ബാങ്ക്, കേരളത്തിലെ സഹകരണ മേഖലയെ സംബന്ധിച്ച സേവനങ്ങൾ, ഊരാളുങ്കൽ ലേബർ സഹകരണ സംഘത്തിന്റെ പ്രവർത്തനം, ഹോസ്പിറ്റൽ ഫെഡറേഷന്റെ പ്രവർത്തനം എന്നിവയും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വിജയഗാഥകൾ പറയുന്ന ഡോക്യുമെന്ററികളും മേളയിൽ പ്രദർശിപ്പിച്ചിരുന്നു. ടി വ്യാപാരമേളയിലൂടെ കേരളത്തിന്റെ ഉല്പന്നങ്ങൾക്ക് ദേശീയ, അന്താരാഷ്ട്ര വിപണി തുറന്നുകിട്ടുകയുണ്ടായി. അഞ്ചരക്കണ്ടി ഫാർമേഴ്സ് സഹകരണ സംഘം തെലുങ്കാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായും ധാരണാപത്രം ഒപ്പിട്ടു. ബീഹാർ മാർക്കറ്റിംഗ് ഫെഡറേഷൻ മാർക്കറ്റ്ഫെഡ് വഴി നാളികേരം വാങ്ങും. സുഗന്ധവ്യഞ്ജനങ്ങളുടെ വിപണനത്തിന് കേരളാ മാർക്കറ്റിംഗ് ഫെഡറേഷനും ഗുജറാത്ത് മാർക്കറ്റിംഗ് ഫെഡറേഷനും തമ്മിൽ ധാരണയായി. പകരം അവിടെ നിന്ന് ഗോതമ്പ്, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ കേരളത്തിനു നൽകും. എസ്.സി./എസ്.റ്റി ഫെഡറേഷന്റെ ആയുർവേദ ഉല്പന്നങ്ങളിൽ ഫിലിപ്പൈൻസിൽ നിന്നുള്ള വ്യാപാരികൾ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. കൂടാതെ താൻസാനിയയിലെ ബാസുര ഫർമസ്യൂട്ടിക്കൽസുമായി ചർച്ച നടത്തുകയുണ്ടായി. നോർത്ത് മലബാർ ഡിസ്ട്രിക്ട് സഹകരണ സംഘത്തിൽ നിന്നും ഉത്തരാഖണ്ഡിലെ സുവിധ സഹകരണ സംഘങ്ങൾ സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങാനും |

| | | | |
|---|---|---|---|
| | | | ധാരണയായി.<br>ടി വ്യാപാരമേളയിൽ കേരളത്തിന് 3 അവാർഡുകൾ ലഭിക്കുകയുണ്ടായി. മികച്ച പ്രദർശനത്തിന് സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം, മത്സ്യഫെഡ് എന്നിവർക്കാണ് പ്രസ്തുത അവാർഡുകൾ ലഭിച്ചിട്ടുള്ളത്. |
| (ബി) | ഉല്പാദക സഹകരണ സംഘങ്ങളെയും വിപണന സഹകരണ സംഘങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പ്രവർത്തനം അറിയിക്കാമോ; ഉല്പന്നങ്ങളെ ഏകീകൃത ബ്രാൻഡിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | വിവിധ കാർഷിക ഉത്പന്നങ്ങളുടെ വിപണന അടിസ്ഥാന സൗകര്യ വികസനത്തിനായി, സാമ്പത്തികമായി ലാഭകരമായ പദ്ധതികൾ രൂപീകരിച്ചുകൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുവാൻ വിപണന സഹകരണ സംഘങ്ങൾക്ക് സഹായം നൽകി വരുന്നു. സംഘങ്ങളുടെ പ്രവർത്തനം, പദ്ധതികളുടെ പ്രായോഗികത എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ടാണ് സഹായം നൽകുന്നത്. വിപണനം നടത്തുന്ന എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നതാണ്. ഇതിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി 150.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വിപണനം ശക്തിപ്പെടുത്തുന്നതിനായി ഒരു ഗുണനിലവാര ടെസ്റ്റിംഗ് ലാബും അനുബന്ധ സൗകര്യങ്ങളും സജ്ജമാക്കിക്കൊണ്ട് അഗ്മാർക്ക് മാതൃകയിൽ ഒരു സഹകരണ ബ്രാന്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേക്കായി 2020-21 ലെ ബഡ്ജറ്റിൽ (5 കോടി) തുക വകയിരുത്തുന്നതിന് പ്ലാനിംഗ് ബോർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ കൃഷിയടിസ്ഥാനമാക്കിയുള്ള സംസ്കരണ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ കൃഷിയടിസ്ഥാനമാക്കിയുള്ള സംസ്കരണ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി അടിസ്ഥാനമാക്കി തോട്ട വിളകൾ |

| | | | |
|---|---|---|---|
| | | | സംസ്കരിക്കൽ (തേയില, കാപ്പി, കശുവണ്ടി, അടയ്ക്ക, സുഗന്ധവ്യഞ്ജനങ്ങൾ), ഭക്ഷ്യവിളകളുടെ സംസ്കരണം (അരി, പരിപ്പ് എന്നിവയ്ക്കായുള്ള മില്ലുകൾ, ബേക്കറി, ചോളം/പഞ്ചസാര പ്ലാന്റുകൾ), എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ, മറ്റു വിധത്തിലുള്ള സംസ്കരണ യൂണിറ്റുകൾ (ഘടകങ്ങൾ അടിസ്ഥാനമാക്കിയുള്ളവ, പേപ്പർ ബോർഡ് പ്രോജക്ടുകൾ) എന്നിവയ്ക്ക് സഹായം നൽകുന്നതിനു വേണ്ടി എൻ.സി.ഡി.സി., ഒരു കോർപ്പറേഷൻ സഹായ/കേന്ദ്ര ധനസഹായ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>**I.** പുതിയ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ.<br>**II.** നിലവിലുള്ള യൂണിറ്റുകളുടെ വ്യാപനം, നവീകരണം, പുനരുദ്ധാരണം.<br>**III.** ഓഹരി മൂലധന അടിസ്ഥാനം ശക്തിപ്പെടുത്തൽ.<br>**IV.** സംസ്ഥാനതല കമ്മോഡിറ്റി ഫെഡറേഷനും ചരക്ക് സഹകരണ സ്ഥാപനങ്ങൾക്കും വ്യാപാരം മെച്ചപ്പെടുത്തുന്നതിനുമായി പ്രവർത്തന മൂലധനം നൽകുന്നതിനുള്ള സഹായം.<br><br>സഹകരണാടിസ്ഥാനത്തിൽ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും ബ്ലോക്ക് കോസ്റ്റിന്റെ 50 ശതമാനം വായ്പയായി ദേശീയ സഹകരണ വികസന കോർപ്പറേഷൻ നൽകി വരുന്നു. സംസ്ഥാന സർക്കാർ ബ്ലോക്ക് കോസ്റ്റിന്റെ 30 ശതമാനം ഓഹരി മൂലധനമായും ബ്ലോക്ക് കോസ്റ്റിന്റെ 10 ശതമാനം സബ്സിഡിയായും ധനസഹായം നൽകുന്നു. ബാക്കി 10 ശതമാനം തുക സംഘങ്ങൾ നേരിട്ട് വഹിക്കേണ്ടതുമാണ്. അനുയോജ്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വിദഗ്ധ സമിതി പ്രോജക്ടുകൾ പരിശോധിച്ച് |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. 40 ശതമാനം സംസ്ഥാന വിഹിതമായാണ് തുക വകയിരുത്തിയിരിക്കുന്നത്.<br><br>സംസ്കരണ പ്രവർത്തനങ്ങൾക്ക വേണ്ടിയുള്ള യന്ത്രസാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് എൻ.സി.ഡി.സി സഹായം അനുവദിക്കുന്നുണ്ട്. കാർഷിക സംസ്കരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ബ്ലോക്ക് കോസ്റ്റിന്റെ 10 ശതമാനം തുക സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**